"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരഫെഡ് -കോട്ടയം റബ്ബർ ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീ.മോഹനൻ.കെ-യുടെ, കേരഫെഡിലെ അക്കൗണ്ടന്റ് തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.157/2024/AGRI തീയതി,തിരുവനന്തപുരം, 18-02-2024

---

പരാമർശം:-

1. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 29/12/2020-ലെ 955/ എ.ഡി.എം-1/കെ.എഫ്.ഡി/2020/2431 നമ്പർ നടപടിക്രമം
2. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 06/01/2021-ലെ 1932/ എ.ഡി.എം-1/കെ.എഫ്.ഡി/20/2463 നമ്പർ നടപടിക്രമം
3. 30/09/2022-ലെ സ.ഉ.(സാധാ) നം.868/2022/AGRI
4. 30/11/2022-ലെ സ.ഉ.(സാധാ) നം.1056/2022/AGRI
5. ശ്രീ.മോഹനൻ.കെ-യുടെ 12/10/2023-ലെ അപേക്ഷയും റബ്ബർ ബോർഡ് അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നുള്ള 23/11/2023-ലെ 03/10/2023/CPS നമ്പർ നിരാക്ഷേപ പത്രവും
6. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 01/12/2023-ലെ 1616/എ.ഡി.എം-1/2021/കെ.എഫ്.ഡി./935 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം റബ്ബർ ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീ.കെ.മോഹനനെ, പരാമർശം (1) പ്രകാരം, കേരഫെഡിന്റെ അക്കൗണ്ടന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, പരാമർശം (2), (3), (4) പ്രകാരം ടിയാന്റെ സേവനകാലയളവ് ഓരോ വർഷത്തേയ്ക്ക് വീതം ദീർഘിപ്പിച്ച് ഉത്തരവായിരുന്നതുമാണ്.

ശ്രീ.മോഹനൻ.കെ-യുടെ, കേരഫെഡിലെ അക്കൗണ്ടന്റ് തസ്തികയിലുള്ള അന്യത്ര സേവന കാലാവധി 05/01/2024-ൽ അവസാനിക്കുന്നതിനാൽ, ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി, ടിയാൻ പരാമർശം (5) പ്രകാരമുള്ള രേഖകൾ ലഭ്യമാക്കിയിട്ടുള്ളതിനാലും, കേരഫെഡ് ഭരണസമിതി ഇതിന് അനുകൂലമായി തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിലും, ശ്രീ.മോഹനൻ.കെ-യുടെ അന്യത്രസേവന കാലാവധി 06/01/2024 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിൽ നിന്നും നിശ്ചിത

യോഗ്യതയുള്ളവരെ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനും പ്രസ്തുത നിയമനം സാധ്യമാകാത്ത സാഹചര്യത്തിൽ കേരള പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്നതിനും മാത്രമാണ് കേരഫെഡിന്റെ സർക്കാർ അംഗീകൃത നിയമന ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവുകളും അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിലെ ഒഴിവുകളും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരന്റെ അഭാവം ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു എന്നും പരാമർശം (6) പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, കോട്ടയം റബ്ബർ ബോർഡിൽ നിന്നും കേരഫെഡിന്റെ അക്കൗണ്ടന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.കെ.മോഹനന്റെ അന്യത്ര സേവന കാലാവധി, 05/01/2021 മുതൽ ഒരു വർഷത്തേയ്ക്കോ, അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിൽ നിന്നും പ്രൊമോഷന് അർഹരായ ഉദ്യോഗസ്ഥർ ഉണ്ടാകുന്നതുവരെയോ, പി.എസ്.സി മുഖാന്തിരം സ്ഥിരം നിയമനം നടക്കുന്നതു വരെയോ (ഏതാണോ ആദ്യം അതുവരെ മാത്രം) ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് യോഗ്യരായ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിലെ ഉദ്യോഗസ്ഥരുണ്ടോ എന്നത് ഉറപ്പ് വരുത്തിയ ശേഷം മാത്രം, കേരഫെഡിന്റെ സർക്കാർ അംഗീകൃത നിയമന ചട്ട പ്രകാരമായിരിക്കണം നിയമനം നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെസ്സി ജോർജ്

അഡിഷണൽ സെക്രട്ടറി

1. ശ്രീ.മോഹനൻ.കെ, ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് I, റബ്ബർ ബോർഡ്, കോട്ടയം
2. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
3. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിംഗ് ഡയറക്ടർ, മുഖാന്തിരം)
4. അസിസ്റ്റന്റ് സെക്രട്ടറി, റബ്ബർ ബോർഡ്, പി.ബി. നം.1122, സബ് ജയിൽ റോഡ്, കോട്ടയം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Premchand C P
Date: 19-02-2024 10:50:33

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്